ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.10.2024**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

2. സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാമണ്ഡലത്തിലെയും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലെയും നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന മറ്റെന്നാൾ നടക്കും. തെരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം.

3. സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് അംഗങ്ങളുടെ മസ്റ്ററിംഗ് സമയപരിധി അടുത്ത മാസം 5 വരെ നീട്ടിയതായി മന്ത്രി ജി ആർ അനിൽ.

4. സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്, മലയോര മേഖലകളിൽ ജാഗ്രതാ നിർദ്ദേശം, കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

5. ഇന്ത്യയ്ക്കെതിരായ ക്രിക്കറ്റ് ടെസ്റ്റ് പരമ്പര സ്വന്തമാക്കി ന്യൂസിലൻഡ്. പൂനെ ടെസ്റ്റിൽ 113 റൺസിന്റെ വിജയം.

*************************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ. പരിപാടിയുടെ 115-ാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും പരിപാടി പ്രക്ഷേപണം ചെയ്യും. AIR News വെബ്സൈറ്റ്, newsonair മൊബൈൽ ആപ്പ് എന്നിവയിലും മൻ കി ബാത് കേൾക്കാവുന്നതാണ്.

**************************************

## ഇ-കെവൈസി മസ്റ്ററിംഗ്

സംസ്ഥാനത്ത് മഞ്ഞ, പിങ്ക് വിഭാഗത്തിൽ ഉൾപ്പെട്ട റേഷൻ കാർഡ് അംഗങ്ങളുടെ ഇ-കെവൈസി മസ്റ്ററിംഗ് സമയപരിധി അടുത്ത മാസം 5 വരെ നീട്ടി. 16 ശതമാനത്തോളം വരുന്ന മുൻഗണനാ കാർഡ് അംഗങ്ങൾ മസ്റ്ററിംഗ് പൂർത്തീകരിക്കാൻ ഉള്ളതിനാലാണ് സമയ പരിധി നീട്ടിയത്. അംഗങ്ങളിൽ 83.67 ശതമാനം പേരും മസ്റ്ററിംഗ് പൂർത്തീകരിച്ചതായി ഭക്ഷ്യ മന്ത്രി ജി.ആർ. അനിൽ അറിയിച്ചു. നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കാൻ കഴിയാത്ത കിടപ്പ് രോഗികളെ അവരുടെ വീടുകളിൽ നേരിട്ടെത്തി, മസ്റ്ററിംഗ് നടത്തി വരുന്നതും നവംബർ 5 വരെ തുടരും.

**************************************

RNU TVPM

## ശിവൻകുട്ടി ഐടിഐ - ഇൻട്രോ

സംസ്ഥാനത്തെ ഐടിഐകളിലെ അധ്യാപക പരിശീലനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. അനുദിനം തൊഴിൽമേഖലകൾ വികസിച്ചുവരുന്ന കാലഘട്ടത്തിൽ അധ്യാപകരും കഴിവ് മെച്ചപ്പെടുത്തണമെന്ന് അദ്ദേഹം നിർദേശിച്ചു. നവകൈരളി ഹാളിൽ ഐടിഐകളുടെ സംസ്ഥാനതല കോൺവൊക്കേഷൻ പരിപാടിയിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയായിരുന്നു മന്ത്രി.

(ഹോൾഡ് – വോയ്സ്)

വിദ്യാർത്ഥികളിലെ അറിവും നൈപുണ്യവും വർദ്ധിപ്പിക്കാൻ അധ്യാപകരാണ് പ്രോത്സാഹനം നൽകേണ്ടതെന്നും മന്ത്രി പറഞ്ഞു.

RNU TVPM

************************************

## ഉപതിരഞ്ഞെടുപ്പ് - സംസ്ഥാനം

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാമണ്ഡലത്തിലെയും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലെയും നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന മറ്റെന്നാൾ നടക്കും. ഈ മാസം 30 വരെ പത്രിക പിൻവലിക്കാനുള്ള അവസരമുണ്ട്. അതേസമയം മണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. പാലക്കാട് യു. ഡി എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പിരായിരി പഞ്ചായത്തിൽ പ്രചരണം നടത്തി. എൽ. ഡി. എഫ് സ്ഥാനാർഥി സ്വകാര്യ സന്ദർശനങ്ങളോടെയാണ് ഇന്ന് പ്രചരണം ആരംഭിച്ചത്. എൻ. ഡി. എ സ്ഥാനാർഥി സി.

കൃഷ്ണകുമാർ പാലക്കാട് നഗരസഭ പ്രദേശങ്ങളിലും തിരഞ്ഞെടുപ്പ് പ്രചരണം നടത്തി.

************************************

## വയനാട് - ഉപതിരഞ്ഞെടുപ്പ്

വയനാട് ലോക്സഭ ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിനായി യുഡിഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി തിങ്കളാഴ്ച വീണ്ടും മണ്ഡലത്തിൽ എത്തും. തിങ്കളാഴ്ച്ച വയനാട് ജില്ലയിലും ചൊവ്വാഴ്ച. വണ്ടൂർ, നിലമ്പൂർ, ഏറനാട് നിയോജക മണ്ഡലങ്ങളിലും പര്യടനം നടത്തും. എൽ ഡി എഫ് സ്ഥാനർത്ഥി സത്യൻ മൊകേരി ഇന്ന് ബത്തേരി നിയമസഭാ മണ്ഡലത്തിലാണ് പ്രചാരണം നടത്തിയത്. നാളെ മാനന്തവാടിയിൽ എൽഡിഎഫിന്റെ തെരഞ്ഞെടുപ്പ് കൺവെൻഷനും നടക്കും. സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ജില്ലയിലെത്തും. എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസ് ഇന്ന് തിരുവമ്പാടി നിയമസഭാ മണ്ഡലത്തിലാണ് പര്യടനം നടത്തിയത്.

RNU TVPM

************************************

## **ചേലക്കര - ഇൻട്രോ**

ചേലക്കര ഉപതെരഞ്ഞെടുപ്പിലേക്കായി മുന്നണികൾ പ്രചാരണം ശക്തമാക്കി. സ്ഥാനാർത്ഥികളെല്ലാം ജനങ്ങളെ നേരിട്ടു കണ്ട് വോട്ട് തേടുന്നതിനുള്ള തിരക്കിലാണ്.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...**

**(വോയ്സ്)**

************************************

## സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം

സ്വന്തം മണ്ണിൽ നിന്ന് പേടകം വിക്ഷേപിക്കാനുള്ള കഴിവാണ് രാജ്യത്തിൻറെ ഏറ്റവും വലിയ ശക്തിയെന്ന് ISRO ചെയർമാൻ എസ്. സോമനാഥ്. ന്യൂഡൽഹിയിൽ ആകാശവാണിയുടെ രംഗ് ഭവനിൽ സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. "ഇന്ത്യൻ സ്പേസ് ഒഡീസി: ഇൻ സെർച്ച് ഓഫ് ന്യൂ ഫ്രണ്ടിയേഴ്സ്" എന്ന വിഷയത്തിൽ സർദാർ വല്ലഭ്ഭായ് പട്ടേലിൻറെ സ്മരണയ്ക്കായി പ്രസാർ ഭാരതി നടത്തിയ ചടങ്ങിലാണ് ശ്രീ സോമനാഥ് പങ്കെടുത്തത്.

************************************

RNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

************************************

## പ്രഭാഷണ പരമ്പര

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികത്തോട് അനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര കൊല്ലം ഭരണിക്കാവ് SNDP ഓഡിറ്റോറിയത്തിൽ നാളെ നടക്കും. എഴുത്തുകാരിയും, സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുമായ എ.ജി ഒലീന 'വയലാർ

മാനവികതയുടെ കവി' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തും. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി. ശിവകുമാർ അധ്യക്ഷത വഹിക്കും.

***********************************

മഴ

സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മലയോര മേഖലകളിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശം നിലവിലുണ്ട്. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

***********************************

RNU TVPM

ക്രിക്കറ്റ്

ന്യൂസിലൻഡിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് തോൽവി. 113 റൺസിനാണ് കിവീസിന്റെ ജയം. 359 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിംഗ്സിൽ ബാറ്റിങ്ങിന് ഇറങ്ങിയ ഇന്ത്യ, 60.2 ഓവറിൽ 245 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു. ഇതോടെ മൂന്നു മത്സരങ്ങൾ അടങ്ങിയ പരമ്പര ന്യൂസീലൻഡ് സ്വന്തമാക്കി. ആദ്യ ടെസ്റ്റിലും കിവീസ് ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്നു. പരമ്പരയിലെ മൂന്നാം മത്സരം നവംബർ ഒന്നു മുതൽ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നടക്കും.

***********************************

വനിതാ ക്രിക്കറ്റ്

ലക്നൗവിൽ നടന്ന സീനിയർ വിമെൻസ് ടി20 മത്സരത്തിൽ ഹരിയാനയ്ക്കെതിരെ കേരളത്തിന് 20 റൺസിന്റെ ജയം.

കേരളം ഉയർത്തിയ 125 റൺസ് വിജയലക്ഷ്യവുമായിറങ്ങിയ ഹരിയാന 105 റൺസിന് പുറത്താവുകയായിരുന്നു. 52 പന്തിൽ 60 റൺസെടുത്ത അക്ഷയയാണ് കേരളത്തെ വിജയത്തിലേക്ക് നയിച്ചത്.

*************************************

## കളിക്കളം 2024

സംസ്ഥാന പട്ടികവർഗ വികസന വകുപ്പിനു കീഴിലെ സ്കൂൾ വിദ്യാർത്ഥികളുടെ ഏഴാമത് സംസ്ഥാന തല കായിക മേള കളിക്കളം 2024 തിങ്കളാഴ്ച ആരംഭിക്കും. കാര്യവട്ടം എൽ.എൻ.സി.പി സ്റ്റേഡിയത്തിൽ നടക്കുന്ന കായികമേള മന്ത്രി ഒ. ആർ കേളു ഉദ്ഘാടനം ചെയ്യും. 1500 ലധികം പ്രതിഭകൾ കായികമേളയിൽ മാറ്റുരക്കും. ബുധനാഴ്ച നടക്കുന്ന സമാപന സമ്മേളനം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

RNUTVPM

*************************************

## സൂപ്പർ ലീഗ്

സൂപ്പർ ലീഗ് കേരളയിൽ ഇന്ന് തൃശൂർ മാജിക് എഫ്സി കാലിക്കറ്റ് എഫ്സിയെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*************************************

## പി.ആർ.ശ്രീജേഷിന് അനുമോദനം

ഒളിമ്പിക്സ് ഹോക്കിയിൽ രണ്ടാം തവണയും വെങ്കലമെഡൽ നേട്ടം കൈവരിച്ച പി.ആർ. ശ്രീജേഷിനെ സംസ്ഥാന സർക്കാർ അനുമോദിക്കുന്നു. ബുധനാഴ്ച തിരുവനന്തപുരത്ത് വെള്ളയമ്പലം ജിമ്മി ജോർജ്ജ്

ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന അനുമോദന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

************************************

## പി.വി. പ്രശാന്ത് - സസ്പെൻഡ് ചെയ്തു

കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിലെ ഇലക്ട്രീഷൻ പി.വി. പ്രശാന്തനെ ആരോഗ്യവകുപ്പ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. ഇയാൾ സർവീസിലിരിക്കെ ബിസിനസ് നടത്തിയതും അനധികൃത അവധിയെടുത്തതും ചൂണ്ടിക്കാട്ടിയാണ് സസ്പെൻഷൻ.

************************************

## പ്രൊസ്തെറ്റിക് ആൻഡ് ഓർത്തോട്ടിക് ഡിഗ്രി കോഴ്സ്

കേരളത്തിൽ ആദ്യമായി ബാച്ചിലർ ഇൻ പ്രൊസ്തെറ്റിക് ആൻഡ് ഓർത്തോട്ടിക് ഡിഗ്രി കോഴ്സ് നിപ്മറിൽ ആരംഭിക്കുന്നു. നാലര വർഷത്തെ ബിരുദ കോഴ്സ് ആണ് സംസ്ഥാന സാമൂഹ്യനീതി വകുപ്പിനു കീഴിലെ സ്വയംഭരണസ്ഥാപനമായ നിപ്മറിൽ ആരംഭിക്കുന്നതെന്നു മന്ത്രി ആർ ബിന്ദു പറഞ്ഞു. കൃത്രിമ കൈകാലുകൾ, വീൽ ചെയറുകൾ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കുമുള്ള സഹായക ഉപകരണങ്ങൾ എന്നിവയുടെ ആവശ്യകതാ നിർണ്ണയം, ഗുണമേന്മാ നിർണ്ണയം, ഉത്പാദനം എന്നിവയിൽ പ്രൊഫഷണൽ പരിശീലനം നൽകുന്ന കോഴ്സാണിത്. പ്രവേശന നടപടികൾ ഉടൻ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

************************************

RNU TVPM

## ശിക്ഷാവിധി - പാലക്കാട്

പാലക്കാട് തേങ്കുറിശ്ശി ദുരഭിമാനക്കൊലയിൽ ശിക്ഷാവിധി മറ്റന്നാൾ. ഇതര ജാതിയിൽ പെട്ട ഹരിത എന്ന യുവതിയെ പ്രണയിച്ച് വിവാഹം കഴി ച്ച അനീഷി നെ 2020 ക്രിസ്മസ് ദിനത്തിൽ കൊല്ലപ്പെടുത്തിയ കേസിൽ ഹരിതയുടെ അച്ഛനും അമ്മാവനും കുറ്റക്കാരാണെന്ന് കഴിഞ്ഞദിവസം കോടതി കണ്ടെത്തിയിരുന്നു.

*****************************************************

***********************************

*********************

RNU TVPM